LIBRARY ARCHIVES Kerala Legislative Assembly

National Hydrology Project III-ാം ഘട്ടത്തിന്റെ ഭാഗമായി Water Resource Information System (WRIS) രൂപീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ നദീതടങ്ങളിലും Real Time Data Acquisition System (RTDAS) സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിലെ പമ്പാ നദീതടത്തിൽ പുന്നമടയിൽ Radar Level Sensor സ്ഥാപിക്കുകയും ഇതിൽ നിന്നുമുള്ള Trial Data ശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിലെ ലൂമിനസ് വാർഡിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് 17 ലക്ഷം രൂപ പ്രസ്തുതവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മോര്യകാപ്പ് ജലസേചന പദ്ധതി

159 (465) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

25-3-2019-ലെ സ.ഉ.(സാധാ) നമ്പർ 212/2019 ജ.വി.വ. പ്രകാരം തിരുരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ഐ&എ) യിൽ നിന്ന് ലഭ്യമായ Improvements of Moryakapp (Farmer's Natural Water Source) at Nannambra Panchayath in Malappuram District - Phase 1 എന്ന പേരിലുള്ള പ്രവൃത്തിയുടെ 6.10 കോടി രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ സ്കീം

160 (466) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് 13